പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 286

01/12/2014-ലെ മറുപടിക്ക്

വിചാരണ തടവുകാർ

ചോദ്യം
ശ്രീ.വി.ചെന്താമരാക്ഷൻ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് നിലവിൽ വിചാരണ തടവുകാർ എത്രയാണ്; ഇതിൽ മൂന്ന് മാസത്തിലധികമായി തടവിൽ തുടരുന്നവർ എത്ര; ആറ് മാസത്തിലധികമായി തടവിൽ തുടരുന്നവർ എത്ര; ഒരു വർഷത്തിലധികമായി തടവിൽ തുടരുന്നവർ എത്ര; | എ) 4371 വിചാരണ തടവുകാരുണ്ട്. ഇവരിൽ 3 മാസത്തിൽ അധികമായി 839 പേരും ആറ് മാസത്തിലധികമായി 362 പേരും ഒരു വർഷത്തിൽ അധികമായി 103 പേരും തടവിൽ കഴിയുന്നുണ്ട്. |
| ബി) വിചാരണ തടവുകാരിൽ, കുറ്റക്കാരെന്ന് തെളിഞ്ഞാൽ ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലാവധി പൂർത്തിയാക്കപ്പെട്ടവർ ആരെങ്കിലും ഉണ്ടോ; എങ്കിൽ ആരൊക്കെ; | ബി) കുറ്റക്കാരെന്ന് തെളിഞ്ഞാൽ ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലാവധി പൂർത്തിയാക്കിയ വിചാരണ തടവുകാർ ആരുംതന്നെ സംസ്ഥാനത്തെ ജയിലുകളിലില്ല. |
| സി) ഇത്തരക്കാരെ വിട്ടയയ്ക്കാൻ സുപ്രീം കോടതി ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ സുപ്രീം കോടതി വിധിയെ തുടർന്ന് എത്ര പേരെ വിട്ടയയ്ക്കുകയുണ്ടായി. വിട്ടയക്കപ്പെടാൻ അർഹതയുള്ളവർ എത്ര പേരാണെന്ന് വിശദമാക്കുമോ? | സി) ബഹു.സുപ്രീം കോടതിയുടെ ഉത്തരവുണ്ടെങ്കിലും ഇത്തരത്തിലുള്ള വിചാരണ തടവുകാരാരും കേരളത്തിലെ ജയിലുകളിലില്ല. |

സെക്ഷൻ ഓഫീസർ